LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സേവന നികുതിയിനത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	സേവന നികുതി (തനി) (തുക കോടിയിൽ)
2010-11	512.72
2011-12	715.01
2012-13	998.92
2013-14	1216.82
2014-15*	1162.71

(*അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം)

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ 2015-20 കാലയളവിൽ സംസ്ഥാനങ്ങളുമായി വിഭജിക്കാവുന്ന സേവന നികുതി (തനി) യുടെ 2.526 ശതമാനം തുക സംസ്ഥാനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. സേവന നികുതി നിലവിലെ 12 ശതമാനത്തിൽനിന്നും 14 ശതമാനമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന സേവന നികുതി വിഹിതത്തിൽ നടപ്പുവർഷം ആനുപാതികമായ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

അധിക നികുതിയും നികുതിയിളവും

121(2110) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വരെയുള്ള ബജറ്റുകളിൽ ഏതെല്ലാം വസ്തുക്കൾക്കാണ് നികുതി കൂട്ടിയത് ; വിശദമാക്കുമോ ; ഓരോ വസ്തുക്കൾക്കും മുമ്പ് ഉണ്ടായിരുന്ന നികുതിയും കൂടുതൽ നിർദ്ദേശിക്കപ്പെട്ട നികുതിയും എത്ര ;

(ബി) ഇത്തരത്തിൽ 2015-16-ൽ നാളിതുവരെ എത്ര തുക അധിക നികുതിയായി പിരിഞ്ഞു കിട്ടി ;

(സി) ഓരോ വസ്തുക്കൾക്കും 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ മുമ്പ് ഉണ്ടായിരുന്ന നികുതിയേക്കാൾ കുറഞ്ഞ നിരക്ക് ശിപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വസ്തുക്കൾക്ക് എത്ര ശതമാനത്തിൽനിന്ന് എത്ര ശതമാനമായിട്ടാണ് ഇളവ് നൽകിയത് ;

(ഡി) ഇങ്ങനെ ഇളവ് നൽകിയതുമൂലം മേൽപ്പറഞ്ഞ സാമ്പത്തിക വർഷം ഓരോന്നിലും എത്ര നികുതി നഷ്ടം ഉണ്ടായിട്ടുണ്ട് ?

ഉത്തരം

(എ) പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതിയും വർദ്ധിപ്പിച്ച നികുതിയും സംബന്ധിച്ച വിവരം അനുബന്ധം എ ആയി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ഓരോ വസ്തുക്കൾക്കും 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ കേരള ധനകാര്യ നിയമപ്രകാരം വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ് നിയമങ്ങളിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം ബി ആയി ചേർക്കുന്നു.*

(ഡി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

നികുതി വരവ്

122(2111) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നികുതി വരവിനങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്, നികുതി പിരിവ്, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ബി) ഇവയിൽ കാർഷികാദായ നികുതി, ഭൂനികുതി, കൃഷിഭൂമി ഒഴികെ സ്ഥാവര വസ്തു നികുതി, സംസ്ഥാന എക്സൈസ്, വില്പന നികുതി, വാഹന നികുതി, വൈദ്യുത നികുതി, ക്രയവിക്രയ സേവനം ഇടങ്ങിയ മറ്റു നികുതികൾ (തരം തിരിച്ച്) സർക്കാരിന് 2011-12 മുതൽ 2015-16 വരെ ലഭിച്ചത് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിനകത്ത് പോലീസ് വേണ്ടത്ര പരിശോധനയില്ലാതെ ചരക്കു വാഹനങ്ങൾ കടത്തിവിടുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഓരോ വർഷവും എത്ര എന്നു കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതു തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly